"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നമ്പർ.സി2/37/2025-ഐ&പിആർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്

തിരുവനന്തപുരം,

തീയതി: 07-04-2025

## ഇ-ടെണ്ടർ നോട്ടീസ്

സർക്കാരിന്റെ വികസനക്ഷേമനേട്ടങ്ങളും ജനോപകാരപ്രദമായ പദ്ധതികളും മൊബൈൽ വീഡിയോവാളുകൾ വഴി പ്രചാരണം നടത്തുന്നതിന് ഏജൻസിയെ എംപാനൽ ചെയ്യുന്നതിന് ഇ ടെണ്ടർ ക്ഷണിക്കുന്നു. ഇക്കാര്യത്തിൽ സാങ്കേതിക പരിജ്ഞാനവും പ്രവൃത്തി പരിചയവുമുള്ള ഏജൻസികൾക്ക് ടെണ്ടർ സമർപ്പിക്കാവുന്നതാണ്. സംസ്ഥാന സർക്കാരിന്റെ പരിപാടികളെ സംബന്ധിച്ചിട്ടുള്ള അറിയിപ്പുകൾ നൽകുന്നതിനായാണ് ഈ പ്രചാരണ പരിപാടി നടത്തുന്നതിന് വകുപ്പ് തത്വത്തിൽ തീരുമാനിച്ചിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെടുന്ന ഏജൻസി വകുപ്പ് നിർദ്ദേശിക്കുന്ന ജില്ലകളിലും മൊബൈൽ വീഡിയാവാൾ/ ഡിസപ്ലേ വാൻ മുഖാന്തിരം പര്യടനം നടത്തേണ്ടതാണ്.

വകുപ്പ് നിശ്ചയിച്ചിട്ടുള്ള **നിബന്ധനകൾ** താഴെ പറയും പ്രകാരമാണ്.

1. ടെണ്ടർ പൂർണമായും ഓൺലൈൻ മുഖാന്തിരമായിരിക്കും.

2. വകുപ്പ് നൽകുന്ന കണ്ടന്റുകൾ മാത്രമാണ് പ്രചാരണത്തിന് തെരഞ്ഞെടുക്കപ്പെടുന്ന ഏജൻസി നൽകേണ്ടത്. ഇക്കാര്യത്തിൽ യാതൊരു വീഴ്ചയും സംഭവിക്കാതിരിക്കുവാൻ ഏജൻസി ശ്രദ്ധിക്കേണ്ടതാണ്.

3. ജില്ലകളിൽ പര്യടനം നടത്തുന്ന ലൊക്കേഷനുകൾ വകുപ്പിന്റെ ബന്ധപ്പെട്ട ജില്ലാ ഇൻഫർമേഷൻ ഓഫീസർമാരെ അറിയിച്ചിരിക്കണം.

4. വാഹനത്തിൽ 40 ചതുരശ്ര അടിയിൽ കുറയാതെ P4,P5 പിക്സലിലുള്ള സ്ക്രീനും സൗണ്ട് സിസ്റ്റവും

ആവശ്യമായ ജനറേറ്റർ സംവിധാനവും ഉണ്ടാവണം.

5. ഒരു ദിവസം കുറഞ്ഞത് 100 കി.മീ / കുറഞ്ഞത് 10 മണിക്കൂർ എങ്കിലും വാഹനം പര്യടനം നടത്തേണ്ടതാണ്.

6 . വാഹനത്തിന് ആവശ്യമായ പെർമിഷനുകൾ ഏജൻസി തന്നെ നിർവ്വഹിക്കണം. ഡ്രൈവർ/ഒപ്പറേറ്റർ താമസ, ഭക്ഷണ ചിലവുകൾ, ഇന്ധനം തുടങ്ങിയവ ഏജൻസി നിർവഹിക്കണം.

7. ഇ ടെണ്ടർ BOQ ൽ ഒരു വാഹനത്തിന് ഒരു ദിവസം പര്യടനം നടത്തുന്നതിന് ഒരു ചതുരശ്രഫീറ്റിലാണ് നിരക്ക് ക്വാട്ട് ചെയ്യേണ്ടത്. മൈക്ക് ഉൾപ്പടെ 3000 W/ സൗണ്ട് സിസ്റ്റം, 7.5 KV ജനറേറ്റർ, ഡീസൽ ചാർജ്, മറ്റ് അനുബന്ധ ചാർജുകൾ എന്നിവ ഉൾപ്പെടെ കണക്ക് കൂട്ടിയാണ് ഏജൻസികൾ ഒരു ചതുരശ്രഫീറ്റിനുള്ള നിരക്ക് ക്വാട്ട് ചെയ്യേണ്ടത്. ഇതിന് പുറമെ വരുന്ന നികുതി (ജി.എസ്.റ്റി ) യഥാസ്ഥാനത്ത് എത്ര ശതമാനം എന്നതും ക്വാട്ട് ചെയ്യണം. നികുതി ശതമാനത്തിൽ ക്വാട്ട് ചെയ്യുന്നത് വിട്ട് പോകാതിരിക്കുവാൻ ഏജൻസികൾ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് :

ഫോൺ നം. 0471 2518013, 25168447, 9447971832

സുഭാഷ് ടി വി ഐ.എ.എസ്

ഡയറക്ടർ